Chief Minister (SHRI PANAMPILLI GOVINDA MENON):

This State has nominated two members to represent in the Inter-State Board for Anglo-Indian Education.

ഫീസ് സൗജന്യം.

* 1136. [65] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സ്റ്റേറ്റിലെ ഹൈവറും, പൊതുവിടമായിട്ടുമുള്ള വിദ്യാലയങ്ങളിൽ മുസ്ലിം സമുദായത്തിൽനിന്നുമുള്ള പെൺകുട്ടികൾക്ക് സർക്കാർ ഫീസ് സൗജന്യം അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പാലക്കാട് എൻ. എസ്. എസ്. ഗേൾസ് സ്കൂളിൽനിന്നും ഫീസ് പിടിച്ചില്ല എന്ന പേരിൽ മുസ്ലിം വിദ്യാർത്ഥിനികളെ ക്ലാസിൽനിന്നും ഇറക്കിവിട്ട വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ കഴിഞ്ഞ സെപ്റ്റംബറിൽ നടന്ന പ്രസ്തുത സംഭവം സംബന്ധിച്ച് ഗവണ്മെന്റിലേയ്ക്ക് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി നടത്തി?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെന്റ് സ്കൂളുകളും മറ്റ് അംഗീകാരമുള്ള ഹൈവറും സ്കൂളുകളിലും പഠിക്കുന്ന മുസ്ലിം പെൺകുട്ടികൾക്ക് ഫീസ് സൗജന്യം അനുവദിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) അന്വേഷണം നടത്തി. സ്കൂൾ അംഗീകരിക്കപ്പെട്ടതല്ലാത്തതാകയാൽ സ്കൂളിന് ഫീസ് സൗജന്യം സംബന്ധിച്ച ഗ്രാന്റിന് അർഹതയില്ല. അതുകൊണ്ട് ഫീസ് ഇളവു ലഭിക്കുന്ന കുട്ടികളെ സ്കൂളിൽ ചേർക്കാൻ മാനേജ്മെന്റിനെ നിർബന്ധിക്കാൻ സാധിക്കുകയില്ല. സ്കൂളിനു് അംഗീകാരം നൽകുന്നതിനെപ്പറ്റി ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തുന്നുണ്ട്.

Periyar Waters.

* 1137. [67] SHRI V. V. SEBASTIAN: Will the Chief Minister be pleased to state:

(a) Whether the Government have entered into any agreement with the Government of Madras regarding the utilisation of Periyar waters for the purpose of generating electric energy; and

(b) If so, what are its terms?

LIBRARY ARCHIVES Kerala Legislative Assembly

Chief Minister (SHRI PANAMPILLI GOVINDA MENON):

(a) Yes, this Government have permitted the Government of Madras to utilise the Periyar Waters for generating electric energy. The formal agreement in this behalf, is pending scrutiny by the Law Officers of this Government.

(b) The Madras Government have to pay this Government royalty at the rate of Rs. 12 per K. W. year (8760 units) for generation upto 350 million units and at Rs. 18 per K. W. year for energy generated in excess of that quantity.

സഹകരണസംഘം.

* 1138 [68] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കൊല്ലം പുതുതായി എത്ര സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാൻ അനുവാദം കൊടുത്തു; ഏതെല്ലാം സ്ഥലങ്ങളിൽ; എത്ര അപേക്ഷകൾ ഉണ്ടായിരുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. സി. കൊച്ചുകുട്ടൻ):

(എ) ഇക്കൊല്ലം പുതുതായി 447 സഹകരണസംഘങ്ങൾ സ്ഥാപിക്കുവാൻ അനുവാദം കൊടുത്തു. ഏതെല്ലാം സ്ഥലത്തു് എന്നതിനെപ്പറ്റി വിശദമായ വിവരങ്ങൾ ശേഖരിക്കുകയാണു്. 615 അപേക്ഷകൾ ഉണ്ടായിരുന്നു.

കയർ സഹകരണസംഘങ്ങൾ.

* 1139. [69] ശ്രീ. കെ. എ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ദയവുതുമന്ത്രി സദയം മറുപടി നൽകുമോ:

ആദ്യം അനുവദിച്ചിട്ടുള്ള അപേക്ഷകൾ അനുസരിച്ചു് പറവൂർ താലൂക്കിൽ എത്ര കയർ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്; ഏതു പരിഗണനയുടെ അടിസ്ഥാനത്തിലാണു് ഈ സഹകരണസംഘങ്ങൾ സ്ഥാപിച്ചിട്ടുള്ളതു്?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

കയർ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതു് അപേക്ഷകളുടെ അടിസ്ഥാനത്തിലോ അവയുടെ മുൻഗണനയിലോ അല്ല. സംഘങ്ങൾ രൂപീകരിക്കേണ്ട ആവശ്യം ബോദ്ധ്യപ്പെടുന്നതിനു് അതു സംബന്ധമായി കിട്ടുന്ന അപേക്ഷകൾ സഹായകരമായിരിക്കുമെന്നുള്ളതിൽ കവിഞ്ഞു് ആ വക അപേക്ഷകളുടെ അടിസ്ഥാനത്തിൽ മാത്രം സംഘങ്ങൾ അനുവദിക്കുന്ന നയം ഇല്ല. ഡിപ്പാർട്ടുമെന്റു് അന്വേഷണത്തിൽ സഹകരണസംഘങ്ങൾ ആവശ്യമെന്നു കാണുന്ന സ്ഥലങ്ങളിൽ പദ്ധതിക്കു വിധേയമായി സഹകരണസംഘങ്ങൾ സ്ഥാപിക്കുവാനുള്ള നടപടികൾ കയർ ഡവലപ്മെന്റു് ഇൻസ്പെക്ടർ സ്വീകരിക്കുന്നതും ആവശ്യമായ അപേക്ഷകൾ രജിസ്റ്റർചെയ്തിട്ടു് തന്റെ റിപ്പോർട്ടോടുകൂടെ അയക്കുവാനുള്ള പതിവു്.

LIBRARY ARCHIVES Kerala Legislative Assembly